# എത്ര ആത്മാർത്ഥതയുണ്ട്?

(1-ാം പേജ് തുടർച്ച)

ദേശമൂലധനത്തിന്മേലുള്ള നിയന്ത്രണങ്ങൾ നീക്കൽ, പൊതുമേഖല വിറ്റഴിക്കൽ, സേവനരംഗങ്ങളിൽ നിന്നും സർക്കാർ പിൻവാങ്ങൽ, സബ്സിഡികൾ വെട്ടിക്കുറയ്ക്കൽ തുടങ്ങി നൂറുകണക്കിന് കാര്യങ്ങൾ ഇവിടെയുണ്ടായി. പതിനായിരത്തോളം പുതിയ ഉല്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ പുറത്തുനിന്നുമെത്തി. സോപ്പ്, പേസ്റ്റ്, കാറുകൾ, ഭക്ഷ്യവസ്തുക്കൾ, (ബേബി ഫുഡ് മുതൽ അച്ചാറുകൾ വരെ), ടി.വി. തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ എല്ലാം ഇതിൽപ്പെടും. ഈ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ വ്യവസായങ്ങൾ ഒന്നുകിൽ അടച്ചുപൂട്ടി. അല്ലാത്തവയെ ബഹുരാഷ്ട്രഭീമന്മാർ വിഴുങ്ങി. ലക്ഷക്കണക്കിനു പേർക്ക് തൊഴിലും ജീവിതമാർഗ്ഗവും നഷ്ടമായി. ഇതൊക്കെ കയ്യടിച്ച് അംഗീകരിച്ച് ആഹ്ലാദിച്ചിരുന്നവരാണ് ഇപ്പോൾ ഈ സമരത്തിൽ പങ്കെടുക്കുന്നത്. അടുത്തവർഷം മാർച്ചോടെ, ഏതു വസ്തുവും ഇന്ത്യൻ കമ്പോളത്തിലിറക്കുന്നതിനായി ക്യൂ.ആർ. (ക്വാൻറിറ്റേറ്റീവ് റെസ്ട്രിക്ഷൻസ്) എന്ന അവസാനത്തെ നിയന്ത്രണങ്ങൾ കൂടി പിൻവലിക്കാമെന്ന് ഇന്ത്യ കരാറൊപ്പിട്ടതിനു ശേഷമാണ് ഇന്ത്യ സന്ദർശിക്കാൻ ബിൽ ക്ലിൻറൺ തയ്യാറായതെന്നത് ഇന്നൊരു രഹസ്യമല്ല. ആ ക്ലിൻറൻെറ വരവിനെ കൊട്ടും കുരവയുമായി സ്വാഗതം ചെയ്തവരാണ് മനോരമ മുതൽ മുൻ വിപ്ലവകാരിയായ കെ. വേണു വരെയുള്ളവർ. (ക്ലിൻറൻ വിരുദ്ധസമരം നടത്തിയവർക്കെതിരെ എന്തൊക്കെ ആക്രോശങ്ങളാണിവർ നടത്തിയത്?) കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പുകാലത്ത് മദ്ധ്യകേരളത്തിലെ ഒരു 'റബ്ബർ' നേതാവ് പ്രസംഗിക്കുന്നതു കേൾക്കാൻ ഈയുള്ളവനു ഭാഗ്യമുണ്ടായി. "രാജ്യമാസകലം പുരോഗമിക്കാനുതകുന്ന പുത്തൻ സാമ്പത്തികനയങ്ങളും ഗാട്ടും ലോകവ്യാപാര സംഘടനയും മൂലമാണ് റബ്ബറിൻെറ വിലയിടിവെന്നത് ഇടതുപക്ഷക്കാരുടെ നുണപ്രചാരണം മാത്രമാണ്" എന്നാണിതിൻെറ സാരം. ഈയടുത്തകാലത്ത് കരിക്കുമാത്രം കുടിക്കുന്ന 'ലീഡർ' ജന്മനാ സാമ്രാജ്യത്വവിരുദ്ധനാണെന്ന് മനോരമ തട്ടിവിട്ടു. മൻമോഹൻസിങ്ങിനും ചിദംബരത്തിനും ഇപ്പോൾ യശ്വന്ത് സിൻഹയ്ക്കും 'ജയ്' വിളിക്കുന്ന ഇക്കൂട്ടർ, തങ്ങൾ ഇതുവരെ സ്വീകരിച്ചിരുന്ന സാമ്പത്തികനയങ്ങൾ തെറ്റാണെന്നു സമ്മതിക്കേണ്ടതില്ലേ? അതുവഴി ഈ സമരം സാമ്രാജ്യത്വവിരുദ്ധമാണെന്നു തുറന്നുപറയേണ്ടതുണ്ട്.

പാമോലിൻ വരാതിരുന്നാലും വെളിച്ചെണ്ണയുടെ കമ്പോളവില നിശ്ചയിക്കാൻ നമുക്കാവില്ല. സോപ്പുനിർമ്മാതാക്കൾക്കേ അതിനു കഴിയൂ. ഗാർഹികാവശ്യങ്ങൾക്ക് വെളിച്ചെണ്ണയുടെ ചെറിയൊരു ശതമാനമേ നാം ഉപയോഗിക്കുന്നുള്ളൂ. സോപ്പുവ്യവസായമാകെ ബഹുരാഷ്ട്രകമ്പനികളായ ഹിന്ദുസ്ഥാന് ലിവറിൻെറയും മറ്റും കയ്യിലല്ലേ? 2001 മാർച്ചോടെ അവർക്കാവശ്യമാണെങ്കിൽ വെളിച്ചെണ്ണ തന്നെ അന്താരാഷ്ട്രകമ്പോളത്തിൽ നിന്നും ഇറക്കുമതി ചെയ്യാവുന്നതുമാണ്. പാമോലിൻ വരുന്നത് പാശ്ചാത്യരാഷ്ട്രങ്ങളിൽ നിന്നല്ലായെന്നതു മറ്റൊരു കാര്യം. മലേഷ്യ, ഫിലിപ്പൈൻസ്, ചൈന തുടങ്ങിയ മൂന്നാംലോകത്തുനിന്നുമാണ്. ഒന്നാം ലോകത്തുനിന്നും വരുന്ന മുഴുവൻ ഉപഭോഗ ഉൽപ്പന്നങ്ങളേയും നാം നിരസിക്കേണ്ടതല്ലേ? ഏതു ബഹുരാഷ്ട്രകമ്പനിയുമുണ്ടാക്കുന്ന ഗുണനിലവാരത്തോടെ ഓരോ ഗ്രാമത്തിലും സോപ്പുണ്ടാക്കാമെന്ന് നമുക്കറിയാം. ഒരു ഇടതുപക്ഷ യുവജനസംഘടന നടത്തിയ സെമിനാറിൽ ഈ ലേഖകൻ ഒരു നിർദ്ദേശമുന്നയിച്ചു. കേരളത്തിൽ നാൽപ്പതു ലക്ഷം അംഗങ്ങളുണ്ട് തങ്ങൾക്കെന്ന അവരുടെ അവകാശവാദം അംഗീകരിച്ചുകൊണ്ട് അതിൽ പകുതി പേർ തങ്ങളുടെ പ്രദേശത്തുണ്ടാക്കുന്ന (ചുരുങ്ങിയത് കേരളത്തിലുണ്ടാക്കുന്ന) സോപ്പേ ഉപയോഗിക്കൂവെന്നു തീരുമാനിക്കണം എന്നാവശ്യപ്പെടണം. ഇതുവഴി (ഒരു മാസം ഒരാൾ രണ്ടു സോപ്പെന്നു കണക്കെടുത്താൽ) പ്രതിവർഷം അഞ്ചുകോടി സോപ്പിൻെറ വ്യാപാരം ബഹുരാഷ്ട്രകമ്പനികൾക്ക് നഷ്ടമാവും. പക്ഷെ അതൊന്നും അവർ പരിഗണിച്ചില്ല. കാരണം ആ സോപ്പ് ജൂഹിചൗളയോ ശ്രീദേവിയോ തേച്ചുകുളിക്കുന്നവയാവില്ലല്ലോ. അതുപോലെ നാട്ടിലുണ്ടാക്കാൻ കഴിയുന്ന പൽപ്പൊടി സച്ചിൻ ടെൻറുൽക്കർ ഉപയോഗിക്കുന്നില്ലല്ലോ. ഫലത്തിൽ മാദ്ധ്യമങ്ങൾ സൃഷ്ടിക്കുന്ന 'സാങ്കേതികമികവി'ൻെറ ഭ്രമങ്ങളിൽ നിന്നു മോചിതരാകാൻ ഈ യുവസിംഹങ്ങൾക്കുമാകില്ല.

മഹാത്മാഗാന്ധി ഉപ്പുസത്യഗ്രഹവും വിദേശവസ്തുബഹിഷ്കരണവും നടത്തിയപ്പോൾ വിദേശവസ്തുക്കൾ മേൻമകുറഞ്ഞവയല്ലെന്നറിയാമായിരുന്നു. പക്ഷെ ആ 'മേന്മ'യേക്കാൾ പ്രധാനം രാജ്യത്തിൻെറ സ്വാതന്ത്ര്യവും സ്വാശ്രയത്വവുമാണെന്നദ്ദേഹം കണ്ടെത്തിയിരുന്നു. ഈ നടപടി സാമ്രാജ്യത്വവിരുദ്ധമാണെന്നും ഇത് രാഷ്ട്രീയസമരമാണെന്നും അദ്ദേഹം ആവർത്തിച്ചുപറഞ്ഞുകൊണ്ടുമിരുന്നു. പക്ഷെ ഇപ്പോൾ സമരം നടത്തുന്ന ഗാന്ധിയന്മാർ സെൽഫോൺ പോക്കറ്റിലിട്ട് ച്യൂയിംഗം ചവച്ച് കോൾഗേറ്റ് കൊണ്ടു പല്ലുതേച്ച് ലക്സുപയോഗിച്ചു കുളിച്ച് ബ്രൂക്ക്ബോണ്ടിൻെറ ചായയോ കോംപ്ലാനിട്ട പാലോ കഴിച്ച് സമരത്തിനെത്തുമ്പോൾ ഈ രാഷ്ട്രീയം മറന്നുപോകും എന്നു തീർച്ച. ഈ അരാഷ്ട്രീയവൽക്കരണം സമരത്തെ അന്തിമവിജയത്തിലേയ്ക്ക് നയിക്കില്ലെന്നു തീർച്ച. ഈ സത്യങ്ങൾ തുറന്നുപറഞ്ഞുകൊണ്ടും ആഗോളവൽക്കരണത്തിനെതിരായ മുദ്രാവാക്യങ്ങൾ ഉറക്കെ വിളിച്ചുകൊണ്ടും മാത്രമേ ഈ സമരപ്പന്തലിൽ നാം നിൽക്കാവൂ. അല്ലെങ്കിൽ ഈ 'പുഴിക്കടകൻ അടവിൽ' നാം കൊയ്യുന്നത് നമ്മുടെ സഹോദരൻെറ തലയാവും.


## സന്നദ്ധ സംഘടനകളുടെ ശ്രദ്ധയ്ക്ക്

സാമൂഹികക്ഷേമം, ജീവകാരുണ്യപ്രവർത്തനം, ഗ്രാമവികസനം, ഗവേഷണം, കൃഷി, പരിസ്ഥിതി, ആരോഗ്യം.... തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് നിലവിലുള്ള പ്രോജക്ടുകൾക്കും പുതിയ പ്രോജക്ടുകൾക്കും സാമ്പത്തികസഹായം നൽകുന്ന വിദേശത്തും രാജ്യത്തുമുള്ള 500ൽപ്പരം ഏജൻസികളുടെ പൂർണ്ണവിവരങ്ങൾ അടങ്ങിയ മൂന്ന് ഡയറക്ടറികൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂന്നു ഡയറക്ടറികൾക്കുമായി 200 രൂപയാണ് വില. വി.പി.പി. ആയി ലഭിക്കാൻ വി.പി.പി. ചെലവ് അധികം നൽകണം.

1. Directory of Agencies Financing Charitable Projects.
2. Directory of Agencies Financing Environmental Projects.
3. Directory of Agencies Financing Health Projects.

പണം അയക്കേണ്ട മേൽവിലാസം

Adv. R. Saju
KADAERA
Poovachal, Thiruvananthapuram
pin- 695575
ph: 0471 - 291548

KERALA ALTERNATIVE
DEVELOPMENT
AGRICULTURAL
ENVIRONMENTAL
RESOURCE AGENCY.